ലിങ്ക് റോഡ് പദ്ധതി

*276 [292] ശ്രീ. കെ. സി. വാമദേവൻ:

,, എം. കെ. കേശവൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറിൻെറ ധന സഹായത്തോടെ നടത്തുന്ന ലിങ്ക് റോഡ് പദ്ധതി ഇപ്പോഴും നിലവിലുണ്ടോ;

(ബി) ലിങ്ക് റോഡ് അനുവദിക്കുന്നത് ഏതടിസ്ഥാനത്തിലാണ്;

(സി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെൻറ് എത്ര രൂപാ അനുവദിച്ചു;

(ഡി) അതിൽ എത്ര രൂപ ചെലവിട്ടു;

(ഇ) തുടങ്ങിയ പണി തീർക്കാൻ ഗവൺമെൻറ് മിച്ചം തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഇല്ല.

(ബി) പുതിയതായി അനുവദിക്കുന്നില്ല. 1977.78 ൽ അനുവദിച്ച റോഡുകളുടെ സ്പിൽ ഓവർ ജോലികളും മാത്രമേ ഇപ്പോൾ ചെയ്യുന്നുള്ളൂ.

(സി) 49 ലക്ഷം രൂപ.

(ഡി) മുഴുവൻ തുകയും ചെലവഴിച്ചു.

(ഇ) ഉണ്ട്.

ആദായകരമല്ലാത്ത ബസ് സർവ്വീസുകൾ

*277 [293] ശ്രീ. എൻ. സുകുമാരനുണ്ണി:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലാത്ത റൂട്ടുകളിൽ ധാരാളം വണ്ടികൾ ഓടുന്നുണ്ടെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർവ്വീസുകൾ നിറുത്തൽ ചെയ്താൽ ഇപ്പോഴത്തെ നഷ്ടത്തിൽ കുറവു വരുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ആ മാതിരി സർവ്വീസുകൾ നിറുത്തൽ ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ, ബി, സി) ഓരോ റൂട്ടിലും സർവ്വീസ് നടത്തുന്ന ബസ്സുകളുടെ പ്രതിദിന വരുമാനവും കിലോ മീറ്റർ അടിസ്ഥാനത്തിലുള്ള വരുമാനത്തോതും പ്രത്യേകം പരിശോധിക്കുന്നുണ്ട്. ഇതിനായി 'എക്കോണമി സെൽ' എന്നൊരു വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ വരുമാനം തീരെകുറഞ്ഞ റൂട്ടുകളിലെ സർവ്വീസുകൾ, അല്ലെങ്കിൽ വരുമാനം ഉല്ലാത്ത ട്രിപ്പുകൾ റദ്ദു ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly